No.CEE/1133/5 LLB-2021/TA3

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര/ത്രിവത്സര എൽഎൽ.ബി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2021-22

## ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള ഓൺലൈൻ അലോട്ട്മെന്റ്- പുതിയ കോഴ്സുകളിലേക്ക് ഓപ്ഷൻ സമർപ്പിക്കാം

2021-22 അദ്ധ്യയന വർഷം പത്തനംതിട്ട മൗണ്ട് സിയോൺ ലോ കോളേജിൽ പുതിയതായി അനുവദിച്ച ത്രിവത്സര എൽ.എൽ.ബി , ബി.ബി.എ എൽ.എൽ.ബി പഞ്ചവത്സര കോഴ്സ്കളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് ഈ ഘട്ടത്തിൽ ഓപ്ഷനുകൾ നൽകാവുന്നതാണ്. 12.11.2021, 17.11.2021 എന്നീ തിയതികളിലെ വിജ്ഞാപന പ്രകാരം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനും ഇപ്പോൾ പുതിയതായി അനുവദിച്ച കോഴ്സുകളിലേക്ക് ഓപ്ഷൻ നൽകുന്നതിനും 19.11.2021 മുതൽ 22.11.2021 ഉച്ചയ്ക്ക് 2 മണിവരെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് 23.11.2021 നും ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് 24.11.2021 നും പ്രസിദ്ധീകരിക്കും.

സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, ത്രിവത്സര എൽ.എൽ.ബി, ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി പ്രോസ്പെക്ടസ് ക്ലോസ് 6 പ്രകാരമുള്ള യോഗ്യത നേടിയിട്ടുള്ളതുമായ എല്ലാ വിദ്യാർത്ഥികൾക്കും ഓപ്ഷൻ നൽകാവുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
18.11.2021

**പ്രവേശന പരീക്ഷാ കമ്മീഷണർക്ക്വേണ്ടി**